# ഐടി ക്വിസ് ഏഴിന്

കൊച്ചി: പ്രമുഖ ഐടി സ്ഥാപനമായ ടിസിഎസ് സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന 'ടിസിഎസ് ഐടി വിസ്' കൊച്ചി മേഖലാതല ക്വിസ് മൽസരം ഒക്ടോബർ ഏഴിനു കലൂർ ഗോകുലം കൺവൻഷൻ സെന്ററിൽ നടക്കും.

വിവര സാങ്കേതിക വിദ്യയെക്കുറിച്ചുള്ള (ഐടി) വിജ്ഞാനം പരിശോധിക്കുന്ന ക്വിസ് മൽസരത്തിൽ എട്ടു മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികൾക്കു പങ്കെടുക്കാം. പ്രവേശനം സൗജന്യം. ഒരു സ്കൂളിനു രണ്ടംഗങ്ങളുള്ള ഒന്നിലേറെ ടീമുകളെ പങ്കെടുപ്പിക്കാം. എഴുത്തു പരീക്ഷയ്ക്കു പുറമെ, ഓറൽ, ഒഡിയോ – വിഷ്വൽ റൗണ്ടുകളും ഉണ്ടായിരിക്കും. പ്രാഥമിക റൗണ്ടിൽ ജയിക്കുന്ന ആറു ടീമുകൾ തമ്മിലുള്ള മൽസരത്തിൽ വിജയിക്കുന്ന ടീം ദേശീയ ഫൈനലിൽ കൊച്ചി മേഖലയെ പ്രതിനിധീകരിക്കും.

വിജയികൾക്കു ഡിസംബറിൽ നടക്കുന്ന ദേശീയ ഫൈനൽ മൽസരങ്ങളിൽ പങ്കെടുക്കാൻ അർഹത ലഭിക്കും.

പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സ്കൂളുകൾ ഒക്ടോബർ അഞ്ചിനു മുൻപ് അപേക്ഷ നൽകണം. വിവരങ്ങൾക്ക്. 0484 - 6618081. വെബ്സൈറ്റ്: www.tcsitwiz.com